10844
30/8/18

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം - ഭരണപരമായ ചട്ടക്കൂട് രൂപീകരിച്ച് ഉത്തരവാകുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(അച്ചടി) നം.47/2018/തൊഴില്** തീയതി,തിരുവനന്തപുരം, 28/05/2018

---

പരാമർശം:- 1 23/01/2018 ൽ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യ മന്ത്രി വിളിച്ച ചേർത്ത യോഗത്തിന്റെ നടപടി കുറിപ്പ്.

2 05/03/2018 ലെ KASE ന്റെ മാനേജിംഗ് ഡയറക്ടറുടെ KASE-464/2018 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം 1-ലെ നടപടി കുറിപ്പ് പ്രകാരം സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലായി നടന്ന് വരുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുവാനായി നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി വിശദമായ ശിപാർശ സമർപ്പിക്കാൻ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2-ലെ കത്ത് പ്രകാരം KASE മാനേജിംഗ് ഡയറക്ടർ വിശദമായ ശിപാർശ സമർപ്പിച്ചു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിലായി നടന്നു വരുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന ഘടകങ്ങളടങ്ങിയ ഭരണപരമായ ഒരു ചട്ടക്കൂട് രൂപീകരിച്ച് ഉത്തരവാകുന്നു.

<u>എ) സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ്</u>

സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളേയും ഏകീകരിച്ച് സുദൃഢമായ വ്യാവസായിക ബന്ധം ഉറപ്പു വരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുമായും നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായും ബന്ധം സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനായി ഒരു സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് രൂപീകരിക്കുവാൻ നിശ്ചയിച്ചു. സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിരിക്കുന്ന KASE തന്നെയാവും സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുക

<u>ബി) വേൾഡ് സ്കിൽ ലൈസിയം</u>

വിദ്യാഭാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടു കൊണ്ട് പ്രസ്തുത സ്കിൽ സെക്രട്ടേറിയേറ്റിന്റെ തിങ്ക് ടാങ്ക് ആയി പ്രവർത്തിക്കാൻ വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കുന്നു. സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO) പ്രൊജക്റ്റ് ( കേന്ദ്ര പദ്ധതി) നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം അനുവദിച്ച അഞ്ചുകോടി രൂപയും 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ 25 കോടി രൂപയും (15 കോടി രൂപ കേന്ദ്ര വിഹിതവും 10 കോടി രൂപ സംസ്ഥാന വിഹിതവും) പ്രാഥമിക മൂലധനമായി ഉപയോഗിച്ചുകൊണ്ടാണ് തിരുവനന്തപുരത്തു വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കുക.

**സി) സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ**

സംസ്ഥാനത്തിന്റെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട നയം രൂപീകരിക്കുന്നതിനായി ബഹു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ താഴെപ്പറയും പ്രകാരം ഒരു സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ പ്രവർത്തിക്കുന്നതാണ്. പ്രസ്തുത കൗൺസിൽ വർഷത്തിൽ ഒരിക്കൽ യോഗം ചേരുന്നതായിരിക്കും.

| | |
|---|---|
| ബഹു. മുഖ്യ മന്ത്രി | എക്സ് ഒഫീഷ്യോ ചെയർമാൻ |
| ബഹു. തൊഴിൽ വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ബഹു. ധനകാര്യ വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ബഹു. വ്യവസായ വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ബഹു. പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ബഹു. കൃഷി വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ബഹു. സാമൂഹ്യ നീതി വകുപ്പ് മന്ത്രി | എക്സ് ഒഫീഷ്യോ മെമ്പർ |
| ചീഫ് സെക്രട്ടറി | എക്സ് ഒഫീഷ്യോ മെമ്പർ |
| വ്യവസായ പ്രതിനിധികൾ – (3 പേർ) | മെമ്പർ (ചെയർമാനും മറ്റ് അംഗങ്ങളും ചേർന്ന് തിരഞ്ഞെടുക്കുന്നവർ) |
| സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് | എക്സ് ഒഫീഷ്യോ കൺവീനർ |

**ഡി) ഹൈ പവർ കമ്മിറ്റി**

സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും വിവിധ സ്ഥാപനങ്ങൾ നടത്തിവരുന്ന പരിശീലന പദ്ധതികൾ നിയന്ത്രിക്കുന്നതിനുമായി താഴെ പറയും പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഹൈ പവർ കമ്മിറ്റി നിലവിൽ വരുന്നതാണ്. പ്രസ്തുത കൗൺസിൽ നാലുമാസത്തിൽ ഒരിക്കൽ യോഗം ചേരുന്നതായിരിക്കും.

| | |
|---|---|
| ചീഫ് സെക്രട്ടറി | എക്സ് ഒഫീഷ്യോ ചെയർമാൻ |
| സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് | എക്സ് ഒഫീഷ്യോ മെമ്പർ |
| സെക്രട്ടറി, ധനകാര്യ വകുപ്പ് | എക്സ് ഒഫീഷ്യോ മെമ്പർ |
| സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് | എക്സ് ഒഫീഷ്യോ മെമ്പർ |
| സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | എക്സ് ഒഫീഷ്യോ മെമ്പർ |
| സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് | എക്സ് ഒഫീഷ്യോ മെമ്പർ |
| സെക്രട്ടറി, കൃഷി വകുപ്പ് | എക്സ് ഒഫീഷ്യോ മെമ്പർ |
| സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ് | എക്സ് ഒഫീഷ്യോ മെമ്പർ |
| മാനേജിംഗ് ഡയറക്ടർ, KASE | എക്സ് ഒഫീഷ്യോ കൺവീനർ |

**ഇ) ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി**

നൈപുണ്യ പ്രവർത്തനവുമായി ബന്ധപ്പെടുന്ന കാര്യങ്ങളിൽ സുപ്രധാന ഉപദേശങ്ങൾ സ്കിൽ സെക്രട്ടറിയേറ്റിനു നൽകുന്നതിനായി ഓരോ മേഖലയിലും 10 അംഗങ്ങളിൽ കവിയാത്ത താഴെ പറയുന്ന മാതൃകയിലുള്ള ബിസിനസ്സ് അഡ്വൈസറി കമ്മിറ്റികൾ

| | |
|---|---|
| ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത സർക്കാർ പ്രതിനിധി | 1 |
| ബന്ധപ്പെട്ട സെക്ടർ സ്കിൽ കൗൺസിൽ പ്രതിനിധി | 1 |
| ലേബർ കമ്മീഷണർ / അഡീഷണൽ ലേബർ കമ്മീഷണർ | |
| മാനേജിംഗ് ഡയറക്ടർ, KASE / ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ KASE | |
| വിദ്യാഭ്യാസ വിചക്ഷണർ | 2 |
| വ്യവസായ പ്രതിനിധികൾ | 4 |

3. നിർദ്ദിഷ്ട ഭരണപരമായ ചട്ടക്കൂട് പ്രകാരം വിവിധ വകുപ്പുകൾ / സ്ഥാപനങ്ങൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാകണം സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

i) സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച ശിപാർശകൾ സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് മുഖേന ഹൈപവർ കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം നേടിയതിനുശേഷം മാത്രമേ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കാൻ പാടുള്ളു.

ii) സർക്കാർ ധനസഹായമില്ലാതെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ശിപാർശകൾ സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ് മുഖേന ഹൈപവർ കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം നേടിയതിനുശേഷം സ്റ്റേറ്റ് ലവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ സാധൂകരണം നേടേണ്ടതാണ്

4. കൂടാതെ, മേൽപ്പറഞ്ഞ ഭരണപരമായ ചട്ടക്കൂടിന് കീഴിലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വേൾഡ് സ്കിൽ ലൈസിയവുമായി ബന്ധപ്പെട്ട് ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കൺസൽട്ടന്റിനെ കണ്ടെത്തുന്നതിന് KASEനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
അഡീഷണല് ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (789539/എച്ച&എൽ.എ1/119ധന തീയതി 6.4.2018പ്രകാരം)
വ്യവസായ വകുപ്പ്
വിദ്യാഭ്യാസ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ്
കൃഷി വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
ടൂറിസം വകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം. 2159)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Bindu
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യ മന്ത്രിയുടെ പി. എസ്സിന്
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പി. എസ്സിന്
ചീഫ് സെക്രട്ടറിയുടെ പി. എസ്സിന്
എല്ലാ വകുപ്പ് സെക്രട്ടറിമാരുടെയും പി. എസ്സിന്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 23-05-2018

ഫയൽ നം.സി3/14/2018/തൊഴിൽ ഇനം നം: 2159

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ഭരണപരമായ ചട്ടക്കൂട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സമർപ്പിച്ച ശിപാർശ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Issue order please

24/5/18

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | : C3/14/2018/തൊഴിൽ |
| 2. വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. വിഷയം | നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ഭരണപരമായ ചട്ടക്കൂട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സമർപ്പിച്ച ശിപാർശ - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 27/04/2018 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ഉണ്ട് |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട്<br>: ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ. ശിവദാസൻ.ഇ.കെ. |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ടോം ജോസ് ഐ.എ.എസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03/05/2018 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. പോൾ ആന്റണി ഐ.എ.എസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 10/05/2018 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 11/05/2018 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 14/05/2018 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ഭരണപരമായ ചട്ടക്കൂട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരള അക്കാദമി ഫോർ സ് കിൽസ് എക്സലൻസ് (KASE) സമർപ്പിച്ച ശിപാർശ സംബന്ധിച്ച കുറിപ്പാണിത്.

2. നൈപുണ്യവികസനവുമായി ബന്ധപ്പെട്ട് 23.01.2018, 4 മണിക്ക് ബഹു മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിന്റെ നടപടി കുറിപ്പിൽ നിർദ്ദേശിച്ച പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിൻ കീഴിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലെ കുടുംബശ്രീ മിഷൻ, ടൂറിസം വകുപ്പിൻ കീഴിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS) എന്നിങ്ങനെ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിലായി നടന്ന് വരുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി തുടർ നടപടികൾ സ്വീകരിക്കാൻ വിശദമായ ശിപാർശ സമർപ്പിക്കാൻ കേരള അക്കാദമി ഫോർ സ് കിൽസ് എക്സലൻസ് (KASE) മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് KASE മേൽപ്പറഞ്ഞ ശിപാർശ സമർപ്പിച്ചത്

3. മേൽപ്പറഞ്ഞ ശിപാർശയിൽ താഴെ പറയുന്ന ഘടകങ്ങളടങ്ങിയ ഒരു കേന്ദ്രീകൃത സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

a) സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളേയും ഏകീകരിച്ച് സുദൃഢമായ വ്യാവസായിക ബന്ധം ഉറപ്പ് വരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുമായും നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായും ബന്ധം സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനായി ഒരു സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റ്

b) വിദ്യാഭാസ വിചക്ഷണർ, വ്യവസായ പ്രമുഖർ ,വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടു കൊണ്ട് പ്രസ്തുത സ്കിൽ സെക്രട്ടേറിയേറ്റിന്റെ തിങ്ക് ടാങ്ക് ആയി പ്രവർത്തിക്കാൻ വേൾഡ് സ്കിൽ ലൈസിയം

c) സംസ്ഥാനത്തിന്റെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട നയം രൂപീകരിക്കുന്നതിനായി ബഹു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ

d) സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും വിവിധ സ്ഥാപനങ്ങൾ നടത്തിവരുന്ന പരിശീലന പദ്ധതികൾ നിയന്ത്രിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഹൈ പവർ കമ്മിറ്റി

e) നൈപുണ്യ പ്രവർത്തനവുമായി ബന്ധപ്പെടുന്ന കാര്യങ്ങളിൽ സുപ്രധാന ഉപദേശങ്ങൾ സ്കിൽ സെക്രട്ടറിയേറ്റിനു നൽകുന്നതിനായി ഓരോ മേഖലയിലും ഒരു ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി

4. സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം KASE-നെ സംസ് ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിരുന്നു. ആയതിനാൽ ടി സ്ഥാപനം തന്നെയാവും സ്റ്റേറ്റ് സ്കിൽ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുക.മേൽപ്പറഞ്ഞ സംവിധാനത്തിന്റെ എല്ലാ ഘടകങ്ങളുടെയും രൂപം, ഘടന, ലക്ഷ്യങ്ങൾ. നടപടിക്രമങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശദീകരണങ്ങൾ KASE സമർപ്പിച്ച ശിപാർശയിലുണ്ട്.

5. സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO) പ്രൊജക്റ്റ് ( കേന്ദ്ര പദ്ധതി) നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം അനുവദിച്ച അഞ്ചുകോടി രൂപയും 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ 25 കോടി രൂപയും (15 കോടി രൂപ കേന്ദ്ര വിഹിതവും 10 കോടി രൂപ സംസ്ഥാന വിഹിതവും) പ്രാഥമിക മൂലധനമായി ഉപയോഗിച്ചുകൊണ്ടാണ് തിരുവനന്തപുരത്തു വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് .നിർദ്ദിഷ്ട വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ഒരു കൺസൾട്ടന്റിനെ കണ്ടെത്തുന്നതിന് KASE നെ ചുമതലപ്പെടുത്തണമെന്നും KASE സമർപ്പിച്ച പ്രസ്തുത ശിപാർശയിൽ ആവശ്യപ്പെട്ടിട്ടുണ്ട് .

6. നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഭരണപരമായൊരു ചട്ടക്കൂട് രൂപീകരിക്കുക എന്ന നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് സ്കിൽ ലൈസിയം രൂപീകരിക്കുന്നതിന് ഉൾപ്പടെയുള്ള ശിപാർശ സമർപ്പിച്ചതെന്നും ഈ ഇനത്തിൽ ചെലവാകുന്ന തുക വരും വർഷങ്ങളിൽ കേന്ദ്ര ഫണ്ടിൽ നിന്നും സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും കണ്ടെത്താവുന്നതാണെന്നും ഈ ഘട്ടത്തിൽ ധനസ്ഥിതിക്ക് പ്രസക്തി കാണുന്നില്ല എന്നും ധനകാര്യവകുപ്പിനെ അറിയിച്ചിരുന്നു.

7. ഇതേ തുടർന്ന് ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

"സ്കിൽ ലൈസിയം രൂപീകരിക്കുന്ന ഫയൽ ധനകാര്യ വകുപ്പ് കണ്ടു"

8. പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

സംസ്ഥാനത്ത് നടന്ന് വരുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി KASE സമർപ്പിച്ച വിശദമായ ശിപാർശ അതിന്റെ പൂർണ്ണ രൂപത്തിൽ അംഗീകരിക്കാവുന്നതാണോ ?

## PROPOSAL TO BE PLACED BEFORE THE COUNCIL OF MINISTERS

This proposal deals with request for Constitution of an Administrative Framework for Convergence of Skill Development Activities of the State based on the Minutes of the Meeting chaired by the Hon'ble Chief Minister on 23.01.2018.

Skill Development is a critical component to increase the efficiency and quality of labour force for improved productivity and economic growth. Institutional structures are put at the Central Government level as well as the State Government level for achieving this skilling requirement. Separate platforms are structured to tie these skill development initiatives with a strategic plan and focus. For institutional strengthening at the National, State and District level, Kerala Academy for Skills Excellence (KASE) has been designated as the State Skill Development Mission (SSDM), vide G.O. (Rt.) No. 1501/16/LBR dated 02.12.2016.

Various departments have their own skilling programmes, which inadvertently result in duplication. This emphasizes the need for convergence across the department under a mission at the State Level. This mission would guide, coordinate, monitor and evaluate skilling initiatives and bring all skill development activities of the State under one umbrella. The SSDM will be the Skill Secretariat and the World Skill Lyceum is envisaged as a think tank of SSDM and will take inputs from academicians, industries, institutions and departments.

In the present scenario, industry linkage is the weakest component of a skilling programme. To overcome this, industry linkage should be spearheaded by the Government. This would also enable the Government in gaining the trust of the industry. The SSDM shall ensure that industry linkages are strong and forward-looking.

The overall objective of the State must be to skill people at par with other nations and in tune with market demand. This objective can be achieved only through a focused, integrated skill continuum with the following features:

- Governed by an Administrative Framework for Governance
- SSDM as the Skill Secretariat
- World Skill Lyceum - think tank for the Skill Secretariat

### 1. Administrative Framework for Governance

There shall be two administrative bodies at the Government level for regulating skill development initiatives in the State.

I. State Level Steering Council

II. High Power Committee

**I. State Level Steering Council**

The State Level Steering Council shall be the policy formulating authority for skill development in the State. It is designed to be a governing body and would approve the process flow to be followed by skill development centres across Kerala, monitoring and guiding the High Power Committee in tune with the Skill Policy of the State. The Council shall convene at least once in a year.

**Composition of the Council**

1. Chairman - Hon'ble Chief Minister
2. Members -
   a. Minister for Labour & Skills
   b. Minister for Finance
   c. Minister for Industries
   d. Minister for Education
   e. Minister for Local Self Government
   f. Minister for Welfare SC/ST
   g. Minister for Agriculture
   h. Minister for Social Justice
   i. The Chief Secretary
   j. Three representatives from Industry decided by Chairman and other Members.
3. Convener - Secretary, Labour & Skills Department.

**II. High Power Committee**

The High Power Committee implements policy decisions taken by the State Level Steering Council and regulates skilling programmes conducted by various organizations. The Committee convenes quarterly to direct the Skill Secretariat (SSDM) for implementation of skilling projects.

**Composition of the Committee**

1. Chairman - Chief Secretary
2. Members -
   a. Secretary for Labour & skills

b. Secretary for Finance
c. Secretary for Industries
d. Secretary for Education
e. Secretary for Local Self Government
f. Secretary for Welfare of SC/ST
g. Secretary for Agriculture
h. Secretary for Social Justice

3. Convener - MD, SSDM (The Skill Secretariat)

## 2. SSDM – The Skill Secretariat

For institutional strengthening at the National, State and District level, Kerala Academy for Skills Excellence (KASE) was designated as the State Skill Development Mission (SSDM). The SSDM shall be the Skill Secretariat under the Administrative Framework for Convergence.

**Aim**

- To consolidate all skill development efforts of the State
- To ensure strong industry linkages spearheaded by Government
- Point of contact for liaison with skill agencies, the Central/State Governments, multilateral agencies
- Designing relevant programmes through demand forecasting
- Skilling programmes with focus on Non-Resident Keralite (NRK)
- To provide quality assurance in training through setting standards
- To provide technical expertise to other State Government Agencies

## 3. World Skill Lyceum

Industrial skills are dynamic, disruptive and linked to technology changes around the world. A continuous update on industrial demand through research is required to maintain relevance of skilling initiatives. The primary focus of this Lyceum is to complement the roles of SSDM in promoting, establishing, monitoring, governing and regulating institutions and academies for skill excellence and thereby to enhance core employability skills and competency standards to meet the demand of various industries globally. World Skill Lyceum will be the think tank of the Skill Secretariat. Futuristic sectors can be identified through the R&D wing. Analytical studies on

the skill gap can also be conducted for each sector. The Business Advisory Committee will add local relevance to the functioning of the Skill Lyceum.

**The Lyceum focuses on:-**

1. Research and Development in Skilling

2. Skill policy and projection for the State based on data pooled through R & D

3. Development of courses in line with skill policy and demand

4. Resource pooling from Government agencies

5. Quality assurance

6. Promoting entrepreneurship

To optimize the utilization of available resources such as training facilities, trainers, assessors and knowledge partners from various agencies, the World Skill Lyceum shall pool these resources and report to the Skill Secretariat to enable the SSDM to generate an annual database that resource-scarce Departments/Organizations may utilize based on their requirements.

**Infrastructure**

5 acres of land were acquired by KASE (SSDM) at Technocity, Thiruvananthapuram in 2013-14. This land can be used for the infrastructure development of World Skill Lyceum. It may also be noted that during 2015-16, a fund of Rs. 5 crores was received by KASE for setting up a Centre of Excellence in the aviation sector. Since the project for setting up of the aviation training academy has not been finalized, permission is sought for utilizing this amount for meeting the preliminary expenses of setting up the World Skill Lyceum.

**Business Advisory Committee (BAC)**

For advising the Skill Secretariat (SSDM) on matters pertaining to the skilling arena, there is a need for an advisory committee for each sector. It is proposed to constitute a Business Advisory Committee (BAC) for industry-relevant sectors in the State, under the World Skill Lyceum, which will provide technical support to the Skill Secretariat in order to ensure relevance and quality of skill courses conducted in the State.

**BAC is entrusted with:**


- Identifying skill development needs locally and outside the State
- Scrutinizing skilling curricula for relevance and standardization
- Helping the State in developing industry linkages
- Ensuring adequate placement opportunities
- Assisting the World Skill Lyceum in Course Validation, Training of Trainers, Assessment etc.

**Composition**

The composition of the Business Advisory Committee (BAC) can be decided by the Skill Secretariat with a maximum strength of 10. A typical BAC would comprise of:-

1) A representative from Government not below the rank of Joint Secretary/Director
2) A representative from Sector Skill Council for each sector
3) A representative from Labour Commissionerate not below the rank of Labour Commissioner / Additional Labour Commissioner
4) MD/COO of SSDM
5) 2 academicians
6) 6 industry representatives


The above administrative framework can be summarized as below:





## Process Flow

The proposed process flow for regulating skilling programmes of the State conducted through various organizations are:

a) In the case of Government funded skilling programmes, skill development proposals of all Departments shall be approved by the High Power committee before they are submitted to the State Planning Board. The departments/organizations shall submit their proposals to the Skill Secretariat, which in turn will forward these to the High Power Committee, with recommendations, for evaluation. The High Power Committee, after examining the proposals along with the performance of the Departments/Organizations in the previous year in the respective sectors, shall approve the proposals and direct the departments to submit the proposals to State Planning Board for consideration and approval.




b) In the case of other skilling programmes, such as those funded by other means or those that are designed after plan approval, the proposal shall be submitted by the concerned Departments/Organizations to the Skill Secretariat. After evaluation, such proposal will be placed before the High Power Committee, with recommendation, for approval. The approved proposals will be placed before the State Level Steering Council for ratification.




Taking all the above into consideration, it is the need of the hour to consolidate all skill development efforts of the State. For the efficient and effective implementation of the above, assistance and approvals from Government are needed. In these circumstances, Government may consider the request favorably and necessary orders may please be issued:-

I. To ensure that skilling activities of all Departments/Organizations take place only after approval through administrative framework for governance (as detailed above)

II. To Constitute State Level Steering Council Chaired by Hon'ble Chief Minister

III. To Constitute High Power Committee Chaired by the Chief Secretary

IV. To approve the proposal for establishing the World Skill Lyceum as think tank for Skill Secretariat (SSDM) with the following actions to be taken as a first step

   a. Establishment at Technocity, Thiruvananthapuram

   b. Accord sanction and Authorize Managing Director to utilize Rs. 5 crores received in 2015-16 and Rs. 25 crores (Rs. 10 crores State Share and Rs. 15 crores Central share) allocated in the Budget for 2017-18 under SIMO project as the initial investment for World Skill Lyceum.

   c. To Constitute Business Advisory Committees for all relevant sectors

   d. Entrust KASE with identifying a consultant for preparing a Detailed Project Report (DPR) for World Skill Lyceum

V. To do all acts and deeds necessary for the execution of items I to IV